# കിഴുവിലം ഗ്രാമ പഞ്ചായത്ത്

## 2021-2022 സാമ്പത്തിക വർഷത്തെ ബജറ്റ്

## ആമുഖം

ഉൽപ്പാദന, പാർപ്പിട മേഖലക്ക് പ്രഥമ പരിഗണന നൽകിക്കൊണ്ടും, സേവന- പശ്ചാത്തല മേഖലകളിൽ ദീർഘ വീക്ഷണത്തോടെയുള്ള പദ്ധതികൾക്കായി തുക വകയിരുത്തിക്കൊണ്ടുമുള്ള ബജറ്റാണ് 2021-22 വർഷത്തേക്കായി കിഴുവിലം ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കിയിട്ടുള്ളത്. അടുത്ത സാമ്പത്തിക വർഷം പൂർണ്ണമായും പൂർത്തിയാക്കുന്ന തരത്തിലുള്ള പദ്ധതികളാണ് വിവിധ മേഖലകളിലായി വിഭാവനം ചെയ്തിട്ടുള്ളത്. പഞ്ചായത്ത് രാജ് സംവിധാനത്തിലെ അടിസ്ഥാന ശിലകളായ ഗ്രാമസഭകളിൽ നിന്ന് വന്നിട്ടുള്ള ക്രിയാത്മക നിർദ്ദേശങ്ങളാണ് വിവിധ മേഖലകളിലെ പദ്ധതികളായി ഏറ്റെടുത്ത് ഈ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. കിഴുവിലം ഗ്രാമപഞ്ചായത്തിലെ പിന്നാക്ക വിഭാഗങ്ങൾ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾ, വൃദ്ധർ, നിരാംലബരായ രോഗികൾ, കുട്ടികൾ, സ്ത്രീകൾ എന്നിങ്ങനെ പ്രത്യേക പരിഗണ അർഹിക്കുന്നവരുമായ സമൂഹത്തിലെ എല്ലാ വ്യക്തികൾക്കും ഉചിതമായ രീതിയിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും തുക വകയിരുത്തുകയും ചെയ്തിട്ടുള്ളതാണ്. വസ്തു നികുതി പിരിവ് ഊർജിതമാക്കൽ, ഉപയോഗ ശൂന്യമായ പൊതുടാപ്പുകൾ ജോയിന്റ് വെരിഫിക്കേഷൻ നടത്തി ഒഴിവാക്കുക, പഞ്ചായത്തിലെ മുഴുവൻ വ്യാപാരസ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുക, തൊഴിൽ നികുതി പൂർണ്ണമായും പിരിച്ചെടുക്കൽ തുടങ്ങിയ പ്രവൃത്തികളിലൂടെ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള തീവ്രശ്രമങ്ങൾ നടത്തിവരുന്നതാണ്. വസ്തു നികുതി കുടിശ്ശികയടക്കം പിരിച്ചെടുക്കുന്നതിന് അക്ഷീണം പ്രവർത്തിക്കുന്ന ജനപ്രതിനിധികളും, ജീവനക്കാരും പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. 2020-21 വർഷത്തെ പദ്ധതി പ്രവർത്തനവും ദ്രുതഗതിയിൽ മുന്നോട്ട് പോകുന്നുണ്ട്. 2021-22 സാമ്പത്തിക വർഷം ഉൽപ്പാദന, സേവന, പശ്ചാത്തല, ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ വിവിധയിനം പദ്ധതികൾ പഞ്ചായത്ത് രൂപീകരിച്ച് കഴിഞ്ഞിട്ടുള്ളതും ആയത് ഫലപ്രദമായി നടപ്പിലാക്കുന്നതുമാണ്.

മനോന്മണി.ആർ

പ്രസിഡന്റ്

കിഴുവിലം ഗ്രാമപഞ്ചായത്ത്

മനോന്മണി. ആർ
പ്രസിഡന്റ്
കിഴുവിലം ഗ്രാമപഞ്ചായത്ത്
മുടപുരം. പി. ഒ
തിരുവനന്തപുരം ജില്ല- 695 304
ഫോൺ: 0470-2640342, 9496040740

20/02/2021

## ബജറ്റ് പ്രസംഗം

പുതിയ ഭരണ സമിതിയുടെ ആദ്യ ബഡ്ജറ്റാണ് ഇന്ന് അവതരിപ്പിക്കപ്പെടുന്നത്. ഭരണസമിതികൾ തുടർച്ചയാണ്. മുൻകാലങ്ങളിലുണ്ടായിട്ടുള്ള നേട്ടങ്ങളെ മുറുകെ പിടിച്ചും സംരക്ഷിച്ചും തുടർന്നും കോട്ടങ്ങളെയാകെ ഒഴിവാക്കിയും ആവർത്തികപ്പെടാതിരിക്കാനുള്ള പ്രത്യേക ശ്രദ്ധ പതിപ്പിച്ചും ലഭ്യമായ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി സാദ്ധ്യമായ മുഴുവൻ വികസന പ്രവർത്തനങ്ങളും ഏറ്റെടുത്ത് സത്യസന്ധമായി, ജനകീയമായി, സുതാര്യമായി അഴിമതി രഹിതമായി സാമൂഹ്യനീതിയിൽ അധിഷ്ഠിതമായി നടപ്പിലാക്കി വിജയം കൈവരിക്കുക എന്നത് തന്നെയാണ് ബഡ്ജറ്റിലൂടെ ലക്ഷ്യമിടുന്നത്. കാവിഡ് 19 എന്ന മഹാമാരി ലോകത്തെയാകമാനം ഗ്രസിച്ചിരിക്കുന്ന കാലഘട്ടത്തിലുടെയാണ് നാം കടന്നു പോകുന്നത്. ലോക സമ്പദ്വ്യവസ്ഥ തകിടം മറിയുന്ന കാഴ്ച്ചയാണ് നിലവിൽ കാണുന്നത്. ലോക രാഷ്ട്രങ്ങളുടെ വളർച്ചാ നിരക്ക് കുത്തനെ ഇടിയുന്നു. നമ്മുടെ രാജ്യത്തിനും വളർച്ചാ നിരക്ക് കൈവരിക്കാനാകുന്നില്ല. ജനങ്ങളുടെ ജീവിത പ്രയാസങ്ങൾ വർദ്ധിക്കുന്നു. വരുമാന നഷ്ടവും അധിക ചെലവുകളും ജീവിത ഭാരം അനുദിനം വർദ്ധിപ്പിക്കുകയാണ്. കൃത്യമായ തൊഴിലോ വരുമാനമോ ഇല്ലാത്തവർ അനുവഭിക്കുന്ന ദുരിതങ്ങൾ വിവരണാതീതമാണ്.

ലഭ്യമായ വിഭവങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് എങ്ങനെ പരമാവധി വികസനം നടത്താമെന്നുള്ളതിന്റെ മകുടോദാഹരണമാണ് കേരളത്തിലെ നിലവിലുള്ള ഗവൺമെന്റ് ഹരിതകേരളം, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ് എന്നീ മിഷനുകളിലൂടെ നാം ആർജ്ജിച്ച നേട്ടങ്ങൾ വിസ്മയാവഹമാണ്. സമസ്ത മേഖലകളിലും വികസനം നേടാനായി. സാമൂഹ്യ ക്ഷേമ രംഗത്തും ആരോഗ്യ രംഗത്തും പൊതുവിതരണ രംഗത്തും കേരളം കൈവരിച്ച നേട്ടങ്ങൾ അന്താരാഷ്ട്ര പ്രശംസ നേടാനായി.

കിഴുവിലം ഗ്രാമപഞ്ചായത്തിലെ ബഹു ഭൂരിപക്ഷം ജനങ്ങളും കൃഷിയേയും അനുബന്ധ മേഖലകളേയും ആശ്രയിച്ചാണ് ഉപജീവനം നടത്തിയിരുന്നത്. അതുകൊണ്ട് തന്നെ നഷ്ടപ്പെട്ടുപോയ കാർഷിക സംസ്കാരം വീണ്ടെടുക്കുന്നതിന് ബഡ്ജറ്റിൽ പ്രത്യേകമായ ഊന്നൽ നൽകുന്നു. കൃഷി, ജലസേചനം, മണ്ണ് സംരക്ഷണം, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകളിൽ പദ്ധതി വിഹിതത്തോടൊപ്പം എം ജി എൻ ആർ ഇ ജി എസ് ഉൾപ്പെടയുള്ള കേന്ദ്രവിഷ്കൃത വിഹിതം സംസ്ഥാനവിഷ്കൃത വിഹിതം എന്നിവയെല്ലാംകൂടി കൂട്ടിചേർത്ത് ഉൽപാദന മേഖലയിൽ വലിയ നേട്ടം കൈവരിക്കാൻ സാധിക്കുന്നതാണ്.

സേവന മേഖലയും ഈ ബഡ്ജറ്റിൽ പ്രത്യേകമായ ശ്രദ്ധ നൽകുന്നു. ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലും വനിതാ വികസനം ലിംഗനീതി വൃദ്ധർ, വികലാംഗർ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവർ എന്നിവർക്കെല്ലാം സംരക്ഷണം നൽകുന്നു. സാമൂഹ്യ ക്ഷേമ രംഗത്ത് അപേക്ഷിക്കുന്ന അർഹതയുള്ള മുഴുവൻ പേർക്കും പെൻഷൻ അനുവദിക്കുന്നു. രൂക്ഷമായ വരൾച്ചയെ ഫലപ്രദമായി നേരിടുന്നതിന് ജലജീവൻ പദ്ധതിയോടൊപ്പം കുടിവെള്ളം എത്തിക്കുന്നതിന് പ്രത്യേകം ഫണ്ട് വകയിരുത്തുന്നു.

ലഭ്യമായ പദ്ധതിവിഹിതത്തിന്റെ 40 % തുകയും ചെലവഴിക്കപ്പെടുന്നത് ലൈഫ്, പി എം എ വൈ, ന്യൂലൈഫ്, ഭവനങ്ങൾ വാസയോഗ്യമാക്കൽ, ഭൂരഹിതർക്ക് ഭൂമിവാങ്ങൽ എന്നീ മേഖലകളിലാണ്. സ്വന്തമായി ഭൂമിയും അതിൽ വാസയോഗ്യമായ ഒരു വീടും ഉണ്ടാകുക എന്നത് ഏതൊരു മനുഷ്യന്റേയും ജന്മാഭിലാഷമാണ്.

ഭാവിയുടെ വാഗ്ദാനങ്ങളും സമ്പത്തുമായിട്ടുള്ള കുട്ടികൾക്ക് അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും ആരോഗ്യമുള്ള പുതിയ തലമുറയെ സൃഷ്ടിക്കുന്നതിനുമുള്ള പദ്ധതികൾ ബഡ്ജറ്റിൽ വിഭാവനം ചെയ്യുന്നു. അങ്കണവാടികളിൽ പോഷകഹാരം

അങ്കണവാടികളുടെ സൗകര്യം വർദ്ധിപ്പിക്കൽ, സ്കൂളുകളിൽ പ്രഭാത ഭക്ഷണം അടക്കമുള്ള പ്രവർത്തനങ്ങൾ ഫർണിച്ചർ തുടങ്ങിയ ക്ഷേമ പ്രവർത്തനങ്ങൾക്ക് 5000000/- രൂപ വകയിരുത്തുന്നു.

അടിസ്ഥാന സൗകര്യ വികസനത്തിൽ നാം വളരെയധികം മുന്നോട്ടു പോകേണ്ടതുണ്ട്. നിലവിൽ കേവലം മൂന്നു മാസക്കാലത്തേയുള്ള വിഹിതം എന്ന നിലയിലാണ് മെയിന്റനൻസ് ഗ്രാന്റ് (റോഡുകൾ) ഇനത്തിൽ തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച തുക ഉറപ്പായും ലഭിക്കുമെന്ന് പ്രത്യാശിക്കുന്നു. ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതം ഉൾപ്പെടെ നമുക്ക് അടിസ്ഥാന സൗകര്യ മേഖലയിൽ പ്രയോജനപ്പെടുത്താനാകും.

കിഫ്ബിയുടെ സഹായത്തോടെ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന "നിലാവ്" പദ്ധതി നമ്മുടെ പ്രദേശത്തും ആശാവഹമായ നിലയിൽ വെളിച്ചം പകരുന്നതാണ്. റോഡുകളും കലുങ്കുകളും തെരുവ് വിളക്കുകളും എല്ലാം ഗ്രാമീണ വികസനത്തിന്റെ ദിശാ സൂചകങ്ങളാണ്. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണെങ്കിലും മെച്ചപ്പെട്ട വികസനം സാദ്ധ്യമാകുന്നതിന് ഉതകുന്ന തരത്തിൽ മുഴുവൻ അംഗങ്ങളേയും സജീവ ചർച്ചയും നിർദ്ദേശങ്ങളും ഉണ്ടാകണമെന്നും അഭ്യർത്ഥിച്ച്കൊണ്ട് ബഡ്ജറ്റ് അംഗീകാരത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

അഡ്വ. ആർ. ശ്രീകണ്ഠൻ നായർ

കിഴുവിലം

വൈസ് പ്രസിഡന്റ്

20/02/2021

കിഴുവിലം ഗ്രാമപഞ്ചായത്ത്

# ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ്

| | |
|---|---|
| പ്രാരംഭ ബാക്കി | 1,34,75,721.40 |
| നികുതി വരുമാനം | 64,00,000 |
| നികുതിയേതര വരവുകൾ | 37,77,500 |
| ജനറൽ പർപ്പസ് ഫണ്ട് | 1,76,27,000 |
| ആകെ തനത് വരുമാനം | 2,78,04,500 |
| വികസനഫണ്ട് ജനറൽ | 1,76,03,000 |
| സി എഫ് സി | 1,48,60,000 |
| വികസനഫണ്ട് എസ് സി പി | 1,36,37,000 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 2,40,13,000 |
| മെയിന്റനൻസ് ഫണ്ട് റോഡിതരം | 54,10,000 |
| ലോൺ | 70,00,000 |
| ഗുണഭോക്തൃ വിഹിതം | 50,00000 |
| സംയ്ക്ത പദ്ധതികൾ | 1,25,00,000 |
| എം ജി എൻ ആർ ഇ ജി എസ് | 25,00,00,000 |
| ആകെ വരവ് | 45,88,21,221 |
| ആകെ ചെലവ് | 44,47,82,000 |
| നീക്കിബാക്കി | 1,35,39,221.40 |

# KIZHUVILAM GRAMA PANCHAYAT.. BUDGET FOR THE YEAR ..2021-2022

## BUDGET STATEMENT

| | PARTICULARS | | Actuals for the year -2019-2020(..കണക്ക്-2019-2020 | Budget for the year (including all revisions)--2020-2021 ..(പരിഷ്കരിച്ച ബജറ്റ് 2020-2021 | Budget for the Year-2021-2022(.-ബജറ്റ്-2021-2022 |
|---|---|---|---|---|---|
| A | Opening balance(net) | ws-1 | 15,210,302.40 | 20,755,830.40 | 13,475,721.40 |
| B | a) Tax revenue-നികുതി വരുമാനം | BS-1 | 4,588,398.00 | 6,200,000.00 | 6,400,000.00 |
| C | b) Non tax revenue-നികുതിയിതര വരുമാനം | BS-2 | 2,222,831.00 | 3,845,000.00 | 3,777,500.00 |
| D | **Total Own Fund-ആകെ തനത് ഫണ്ട്** | (B+C) | 6,811,229.00 | 10,045,000.00 | 10,177,500.00 |
| E | c) General Purpose Fund-ജനറൽ പർപ്പസ് ഫണ്ട് | BS-3 | 15,434,173.00 | 15,656,000.00 | 17,627,000.00 |
| F | **Total -ആകെ** | (D+E) | 22,245,402.00 | 25,701,000.00 | 27,804,500.00 |
| G | d) Other Grants(Plan)-മറ്റ് റവന്യൂ ഗ്രാന്റുകൾ-പദ്ധതി ചെലവുകൾക്ക് | BS-4 | 90,412,045.00 | 207,116,692.00 | 306,663,000.00 |
| H | e) Other Grants(Non-Plan)-മറ്റ് റവന്യൂ ഗ്രാന്റുകൾ-പദ്ധതിയേതര ചെലവുകൾക്ക് | BS-5 | 33,319,766.00 | 110,419,200.00 | 54,168,000.00 |
| I | **Toal Revenue Income -ആകെ റവന്യൂ വരവുകൾ** | (F+G+H) | 145,977,213.00 | 343,236,892.00 | 388,635,500.00 |
| J | Capital Income - Loans -മൂലധന വരവ്-വായ്പ വാങ്ങൽ | BS-6 | 1,700,000.00 | 5,500,000.00 | 7,000,000.00 |
| K | ncome other than loans -വായ്പ ഒഴികെ മൂലധന വരവുകൾ | BS-7 | 4,260,639.00 | 57,610,393.00 | 49,210,000.00 |
| L | **Total Capital Income-ആകെ മൂലധന വരവുകൾ** | (J+K) | 5,960,639.00 | 63,110,393.00 | 56,210,000.00 |
| M | **Total Income -ആകെ വരവുകൾ** | (I+L) | 151,937,852.00 | 406,347,285.00 | 444,845,500.00 |
| N | **Total Income+Net opening balance-ആകെ വരവുകളും പ്രാരംഭ ബാക്കിയും** | (M+A) | 167,148,154.40 | 427,103,115.40 | 458,321,221.40 |

## KIZHUVILAM GRAMA PANCHAYAT.. BUDGET FOR THE YEAR ..2021-2022

### BUDGET STATEMENT

| | PARTICULARS | | Actuals for the year -2019-2020(..കണക്ക്-2019-2020 | Budget for the year (including all revisions)--2020-2021 ..(പരിഷ്കരിച്ച ബജറ്റ് 2020-2021 | Budget for the Year-2021-2022(.-ബജറ്റ്-2021-2022 |
|---|---|---|---|---|---|
| O | Revenue Expenditure-Statutory functions-റവന്യു ചെലവുകൾ-അനിവാര്യ ചുമതലകൾക്ക് | BS-8 | 15,163,476.00 | 24,145,100.00 | 25,830,000.00 |
| P | Revenue Expenditure-Plan-റവന്യു ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾ | BS-9 | 91,546,878.00 | 219,452,862.00 | 311,924,000.00 |
| Q | Revenue Expenditure-Non-Plan-റവന്യു ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതര ചെലവുകൾ | BS-10 | 33,327,409.00 | 110,419,200.00 | 54,168,000.00 |
| R | **Total Revenue Expenditure-ആകെ റവന്യു ചെലവുകൾ** | (O+P+Q) | 140,037,763.00 | 354,017,162.00 | 391,922,000.00 |
| S | Capital Expenditure -Loan repayments-മൂലധന ചെലവുകൾ-വായ്പ തിരിച്ചടവ് | BS-11 | 1,491,764.00 | 1,756,470.00 | 2,000,000.00 |
| T | Capital expenditure other than loan repayments-മറ്റ് മൂലധന ചെലവുകൾ | BS-12 | 4,862,797.00 | 57,853,762.00 | 50,860,000.00 |
| U | **Total Capital Expenditure-ആകെ മൂലധന ചെലവുകൾ ചെലവുകൾ** | (S+T) | 6,354,561.00 | 59,610,232.00 | 52,860,000.00 |
| V | **Total Expenditure -ആകെ ചെലവുകൾ** | (R+U) | 146,392,324.00 | 413,627,394.00 | 444,782,000.00 |
| W | **Closing Balance-നീക്കി ബാക്കി** | (N-V) | 20,755,830.40 | 13,475,721.40 | 13,539,221.40 |

## KIZHUVILAM GRAMA PANCHAYAT.. BUDGET FOR THE YEAR ..2021-2022

### BS-1-REVENUE INCOME-TAXES- (നികുതി വരവുകൾ )

| DETAILED HEAD CODE | PARTICULARS(ഇനവിവരം) | Actuals for the year -2019-2020(..കണക്ക്-2019-2020 | Budget for the year (including all revisions)--2020-2021 ..(പരിഷ്കരിച്ച ബജറ്റ് 2020-2021 | Budget for the Year-2021-2022(.-ബജറ്റ്-2021-2022 |
|---|---|---|---|---|
| 110 10 01 | Property Tax-വസ്തു നികുതി | 3,278,408 | 4,200,000 | 4,300,000 |
| 110 11 01 | Service Tax-സേവന നികുതി | | | |
| 110 20 01 | Profession Tax-തൊഴിൽ നികുതി | 1,309,990 | 2,000,000 | 2,100,000 |
| 110 30 01 | Advertisement Tax-പരസ്യ നികുതി | - | | |
| 110 35 01 | Show Tax-പ്രദർശന നികുതി | - | | |
| 110 40 01 | Entertainment Tax-വിനോദനികുതി | - | | |
| 110 51 01 | Toll-ടോൾ | - | | |
| 110 52 01 | Land Conversion Cess-ഭൂ പരിവർത്തന സെസ് | - | | |
| 110 | **Total-Tax Revenue-ആകെ നികുതി വരവ്** | **4,588,398** | **6,200,000** | **6,400,000** |

## KIZHUVILAM GRAMA PANCHAYAT.. BUDGET FOR THE YEAR ..2021-2022

## BS-2- -REVENUE INCOME-NON-TAX- (നികുതിയിതര വരവുകൾ )

| DETAILED HEAD CODE | PARTICULARS(ഇനവിവരം) | Actuals for the year -2019-2020(..കണക്ക്-2019-2020 | Budget for the year (including all revisions)--2020-2021 ..(പരിഷ്കരിച്ച ബജറ്റ് 2020-2021 | Budget for the Year-2021-2022(..ബജറ്റ്-2021-2022 |
|---|---|---|---|---|
| 130 | **Rental Income from Panchayat Properties** | | | |
| 130 10 01 | Rent from Land and Buildings-സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും വാടക | 66,000 | 350,000 | 367,500 |
| 130 20 01 | Rent from Staff Quarters-സ്റ്റാഫ് ക്വാർട്ടേഴ്സ് വാടക | - | | |
| 130 30 01 | Rent from Auditoriums and Halls- ആഡിറ്റോറിയം/ഹാൾ വാടക | - | | |
| 130 40 01 | Daily Rentals from Panchayat Properties-പഞ്ചായത്ത് സ്വത്തുകളുടെ ദിവസ വാടക | - | | |
| 130 80 01 | Other Rents- മറ്റ് വാടകകൾ | - | 300,000 | 100,000 |
| 130 | **Total-Rental Income from Panchayat Properties** | **66,000** | **650,000** | **467,500** |